## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലന പരിപാടികൾ

19 (*529) ശ്രീ. എം. ഹംസ:
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനകം നടപ്പാക്കിയിട്ടുള്ള പരിശീലന പരിപാടികൾ ഏതെല്ലാമാണ് ;

(ബി) ഈ വർഷം എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഏതെങ്കിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) യുവജനങ്ങൾക്ക് പാർലമെന്ററി കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) 1. നിയമസഭാ സാമാജികർക്കുള്ള പരിശീലനം

2008-09 വർഷത്തിൽ രണ്ട് ബാച്ച് എം.എൽ.എ. മാർക്കും 2009-10-ൽ ഒരു ബാച്ചിനും പരിശീലനം നൽകി.

2. സെക്രട്ടേറിയറ്റിലെ നിയമ വകുപ്പുദ്യോഗസ്ഥന്മാരുടെ ഒരു ബാച്ചിന് 2009-10-ൽ legal drafting & translation എന്ന വിഷയത്തിൽ പരിശീലനം നൽകി.

(ബി) ഈ വർഷം സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(സി) സ്കൂൾ വിദ്യാർത്ഥികൾക്കായി 2010-11 വർഷത്തേക്കുള്ള യൂത്ത് പാർലമെന്ററി മത്സരം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്ക് ഈ വർഷം മത്സരം നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ഉണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിക്കുന്നത് ഇൻസ്റ്റിറ്റ്യൂട്ടാണ്.

(ഇ) ആവിഷ്ക്കരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly